# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2650

12.02.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരവകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതി പ്രീമിയം

**ചോദ്യം**

**ശ്രീ.വി.പി.സജീന്ദ്രൻ**

കാലിത്തീറ്റയുടെയും വൈക്കോലിന്റെയും പശുക്കളുടെയും അമിതമായ വില വർദ്ധനവ് മൂലം പശുപരിപാലനം വളരെയധികം പ്രതിസന്ധി നേരിടുന്ന ഈ കാലഘട്ടത്തിൽ ക്ഷീരവകുപ്പിന്റെ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയിൽ 50% സബ്സിഡി സർക്കാരും 25% മിൽമയും 25% കർഷകരും നൽകുന്ന രീതി പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ.കെ രാജു**

(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്കായി 2018-19 വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ആനുപാതിക വിഹിതം ഓരോ കർഷകനും ലഭിക്കുന്നതാണ്. ഓരോ കർഷകനും 600 രൂപ പ്രകാരം പ്രീമിയം തുക മിൽമയിൽ നിന്നും അനുവദിക്കുന്നതാണ്. കൂടാതെ കർഷകർ പാൽ നൽകുന്ന ക്ഷീരസംഘങ്ങളിൽ നിന്നും സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പ്രീമിയം തുക നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ തുകകൾ കഴിച്ചുള്ള പ്രീമിയം തുക മാത്രമേ കർഷകർ അടയ്ക്കേണ്ടതായി വരുന്നുള്ളൂ. ഇതിന് പുറമെ എറണാകുളം മേഖല യൂണിയൻ ക്ഷീരവികസന വകുപ്പുമായി സഹകരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് കീഴിൽ കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി വിഹിതമായി 18 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മലബാർ മേഖല യൂണിയൻ ക്ഷീരകർഷകർക്കും കന്നുകാലികൾക്കും കുറഞ്ഞ നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നുണ്ട്. തിരുവനന്തപുരം മേഖല യൂണിയൻ അംഗസംഘങ്ങളിലെ ക്ഷീരകർഷകർക്ക് തങ്ങളുടെ ഉരുക്കളെ ഇൻഷ്വർ ചെയ്യാൻ മുടക്കുന്ന പ്രീമിയം തുകയുടെ പകുതി മേഖലയൂണിയൻ സബ്സിഡിയായി നൽകുന്നുണ്ട്. ഉരു ഒന്നിന് ഈ തുക പരമാവധി 1500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**